**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348** **15-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം വികസന മാതൃകയും ജലസാഹസ ടൂറിസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ടൂറിസം സാധ്യതകളെ സൗന്ദര്യപരമായി പ്രയോജനപ്പെടുത്തുന്നതിനും തനതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും വേണ്ടി എന്താക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ വിനോദസഞ്ചാര മേഖല അന്താരാഷ്ട്ര തലത്തിൽ ഊന്നൽ നല്കിയിരുന്നത് കേരളത്തിന്റെ സുന്ദരമായ ഭൂപ്രകൃതി, ഉത്സവങ്ങൾ, സമ്പന്നമായ പൈതൃകം മുതലായവയാണ്. നിലവിൽ വിനോദസഞ്ചാര മേഖലയുടെ ഊന്നൽ എക്സ്പീരിയൻഷ്യൽ ടൂറിസത്തിലേക്ക് മാറി വരികയാണ്. ഇത് മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പ് കേരളാ ടൂറിസം വേർഷൻ 2.0 രൂപപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ നമുക്കു ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിനു സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശ ചട്ടക്കൂട് എന്ന നിലയിൽ ഒരു രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി രൂപ്പെടുത്തുന്നതിനുള്ള നടപടികളും ടൂറിസം വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ജലസാഹസ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താനുതകുന്ന എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ ചുവടെ ചേർക്കുന്ന മത്സരങ്ങളും, ഫെസ്റ്റുകളും സംഘടിപ്പിയ്ക്കുന്നു.<br><br>• മലബാർ റിവർ ഫെസ്റ്റിവൽ<br>• ചാലിയാർ റിവർ ചലഞ്ച്<br>• ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്<br>• പിണറായി വാട്ടർ ഫെസ്റ്റിവൽ 2023<br>• കയാക്കിംഗ് ചമ്പ്യൻഷിപ്പ് കണ്ണൂർ<br>• സർഫിംഗ് അക്കാദമി ഗോദീശ്വരം കോഴിക്കോട്<br>• ഫ്ലോട്ടിംഗ് ബ്രിഡ്ജ്<br>• സർഫിംഗ് ഫെസ്റ്റ്, വർക്കല<br><br>ഇതിനുപുറമെ, ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോർട്സ് ഓപ്പറേറ്റിംഗ് |

| | | | |
|---|---|---|---|
| | | | ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിലേയ്ക്കായി ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ